<u>പതിമൂന്നാം കേരള നിയമ സഭ</u>
<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. * 758

16 . 07 .2014 - ൽ മറുപടിക്ക്.

## സ്വതന്ത്ര സോഫ്റ്റ് വെയർ കർമ്മപരിപാടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സണ്ണി ജോസഫ്. | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സ്വതന്ത്ര സോഫ്റ്റ് -വെയർ പ്രചരിപ്പിക്കാനും വികസിപ്പിക്കാനും എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ; | (എ) | സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ പ്രചരണത്തിനും വികസനത്തിനുമായി അന്താരാഷ്ട്ര സ്വതന്ത്രസോഫ്റ്റ് വെയർ കേന്ദ്രം (ഐ.സി.ഫോസ്) പ്രവർത്തിച്ച് വരുന്നു. വിൻഡോസ് പ്ലാറ്റ് ഫോമുകളിൽ നിന്ന് സ്വതന്ത്ര സോഫ്റ്റ് - വെയർ പ്ലാറ്റ്ഫോമുകളിലേക്ക് സർക്കാർ വകുപ്പുകളെ പരിവർത്തനം നടത്തുന്നതിനുള്ള സാങ്കേതികവും തന്ത്രപരവുമായ സഹായം ഐ.സി.ഫോസ് നൽകി വരുന്നു.<br><br>കൂടാതെ ഇ.ആർ.പി പോലുള്ള വലിയ തോതിലുള്ള കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾ സർക്കാർ സ്ഥാപനങ്ങളിൽ നടത്തുന്നതിന് വേണ്ട സഹായം ഐ.സി.ഫോസ് നൽകി വരുന്നു.<br><br>ഇതിന് പുറമേ സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ വ്യാപകമായ പ്രചരണത്തിനായി വിവിധങ്ങളായ പ്രോഗ്രാമുകളും അന്താരാഷ്ട്ര സമ്മേളനം, സെമിനാറുകളും പ്രഭാഷണങ്ങളും നടത്തി വരുന്നു. സ്മാർട്ട്ഫോണുകൾ, ഡിജിറ്റൽ ലൈബ്രറികൾ, റോബോട്ടിക്സ് എന്നിവ പോലുള്ള മുൻപന്തിയിലുള്ള സ്വതന്ത്ര സോഫ്റ്റ് വെയർ സാങ്കേതിക വിദ്യകൾക്കായി പരിശീലനവും സാങ്കേതിക സഹായവും നൽകി വരുന്നു. എൻജിനീയറിംഗിലും |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട വിഷയങ്ങളിലും സ്വതന്ത്ര സോഫ്റ്റ് വെയറധിഷ്ഠിതമായ ഉപരി പഠനത്തിനുള്ള പരിശീലനവും പ്രൊജക്ട് സർവ്വീസുകളും നൽകി വരുന്നുണ്ട്. |
| (ബി)<br><br>(സി) | ഇതിനായി സ്വതന്ത്ര സോഫ്റ്റ്-വെയർ സെന്റർ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>എന്തെല്ലാം പ്രവർത്തനങ്ങളാണ് സെന്റർ വഴി നടത്തിവരുന്നതെന്ന് വിശദമാക്കാമോ; | (ബി)<br>&<br>(സി) | ഉണ്ട്.അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ് വെയർ കേന്ദ്രം (ഐ.സി.ഫോസ്) സർക്കാരിന്റെ ഒരു സ്വയം ഭരണ സ്ഥാപനമായി പ്രവർത്തിക്കുന്നുണ്ട്. സെന്ററിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. തൊഴിൽ സൃഷ്ടിക്കലും അതിനുള്ള അവസരം ഒരുക്കലും ലക്ഷ്യം വച്ച് സ്വതന്ത്ര സോഫ്റ്റ് വെയറധിഷ്ഠിതമായ സംരംഭങ്ങൾക്ക് പ്രീ-ഇൻകുബേഷനും ഇൻകുബേഷനും വഴി പ്രാരംഭപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള ഒരു സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>2. കേന്ദ്ര സർക്കാരിന്റെ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ലോക്കലൈസേഷൻ ആന്റ് ഹാർഡ് വെയർ ഇന്റർഫേസിങ് ഫോർ ആൻഡ്രോയിഡ്/ബോസ് ബേസ്ഡ് ഡിവൈസസ് (ആർ ആന്റ് ഡി പ്രോജക്ട്) എന്ന പദ്ധതി നടത്തിവരുന്നുണ്ട്.<br>3. ജി എൻ യു - ക്യാഷ് ഫിനാഷ്യൽ അക്കൗണ്ടിങ് സോഫ്റ്റ് വെയർ ഒരു പരിപൂർണ്ണ ഫിനാൻഷ്യൽ അക്കൗണ്ടിങ് സോഫ്റ്റ് വെയർ ആക്കി വികസിപ്പിക്കുന്നതിനായുള്ള സാങ്കേതികവും ധനപരവുമായുള്ള സഹായം നല്കിവരുന്നുണ്ട്.<br>4. കേരള ലാന്റ് യൂസർ ബോർഡിന്റെ |

സാമ്പത്തിക സഹായത്തോടെ സ്മാർട്ട് ഫോൺ അടിസ്ഥാനത്തിലുള്ള അസറ്റ് - മാപ്പർ - സ്മാർട്ട് ഫോൺ ബേസ്ഡ് ഫീൽഡ് അസറ്റ് മാപ്പിങ്ങ് ടൂൾ വികസിപ്പിച്ചു വരികയാണ്.

5. എ.എസ്.എ. പി (ASAP) പദ്ധതിയിലുള്ള കുട്ടികളുടെ ആൾട്ടർനേറ്റീവ് കമ്പ്യൂട്ടിങ്ങ് ഡിവൈസുകൾ വിശകലനം ചെയ്യുന്നതിനുള്ള പൈലറ്റ് പ്രോജക്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നു.
6. സ്വതന്ത്ര ഹാർഡ് വെയർ ഉപയോഗിച്ച് വ്യവസായ മേഖലയിൽ പ്രാധാന്യം അർഹിക്കുന്ന റോബോട്ടിക്സ് വികസിപ്പിക്കുന്നതിനുള്ള ഗവേഷണവും പഠനങ്ങളും നടത്തി വരുന്നു.
7. ചെറുകിട ഇടത്തരം സംരംഭകർക്ക് വിവര വിനിമയ സാങ്കേതിക സഹായം നൽകുന്നതിന് സെമിനാറുകളും പഠനങ്ങളും നടത്തി വരുന്നുണ്ട്.
8. സ്വതന്ത്ര സോഫ്റ്റ് വെയർ പ്ലാറ്റ്ഫോമിലുള്ള മലയാള ഭാഷാവൽക്കരണം ത്വരിതപ്പെടുത്തി വരുന്നു.
9. എഞ്ചിനീയറിങ്ങ് / സാങ്കേതിക വിദ്യാ വിദ്യാർത്ഥികളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിന് അതത് മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി വർക്ക്ഷോപ്പുകൾ, പരിശീലന പരിപാടികൾ എന്നിവ നടത്തി വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | സ്വതന്ത്ര സോഫ്റ്റ് വെയർ പ്രചരിപ്പിക്കാൻ സർക്കാർ ചെയ്യേണ്ട കൂടുതൽ കാര്യങ്ങളെക്കുറിച്ച് അടിയന്തിര റിപ്പോർട്ട് സമർപ്പിക്കാൻ സെന്ററിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ